


# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പത്തനംതിട്ട-689645**

**ഇ-മെയിൽ:** dopta.ksad@kerala.gov.in
**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എപിടിഎപി5/988/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 07/10/2024
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എപിടിഎപി5/988/2024 തീയ്യതി: 07/10/2024

## പത്തനംതിട്ട ജില്ലയിലെ മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2023 മുതൽ 31-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 11-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽകുമാർ റ്റി. | ഡെപ്യൂട്ടി ഡയറക്ടർ | 04-09-2024 | 12-09-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-09-2024 | 12-09-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. മുഹമ്മദ് സലിം റ്റി, ഓഡിറ്റ് ഓഫീസർ
ശ്രീ. ഹരികുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത റ്റി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി നിഷ റ്റി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഉഷാകുമാരി എസ്. | പ്രസിഡന്റ് | 01-04-2023 | 29-12-2023 |
| ശ്രീമതി അശ്വതി പി. നായർ | പ്രസിഡന്റ് | 30-12-2023 | 21-01-2024 |
| ശ്രീമതി മിനി ജിജു ജോസഫ് | പ്രസിഡന്റ് | 22-01-2024 | 31-03-2024 |
| ശ്രീ. പി.കെ. മുഹമ്മദ് ഷാഫി | സെക്രട്ടറി | 01-04-2023 | 09-07-2023 |
| ശ്രീമതി ആർ. സുമാഭായി അമ്മ | സെക്രട്ടറി | 10-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പുഷ്പകുമാരി റ്റി.എൻ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി ദീപ എം.ജി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഡോ. പ്രവീൺകുമാർ റ്റി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2023 | 31-03-2024 |
| ഡോ. റോസ്‌ലിൻ എം.കെ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 02-07-2023 |
| ഡോ. രാധു രാധാകൃഷ്ണൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 03-07-2023 | 31-03-2024 |
| ശ്രീമതി ശ്യാമലത സി. | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ശ്രീമതി പൊന്നു ബി. | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി കവിത കൃഷ്ണൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ. സജിത എസ്. പിള്ള | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി അഖില വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. ശ്യാംകുമാർ എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി രഞ്ജിനി പി.കെ. | ഫിഷറീസ് എക്സ്റ്റൻഷർ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി അനുമോൾ ആർ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ഡോ. സുമേഷ് സി. വാസുദേവൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 10-08-2023 |
| ഡോ. രോഹിണി ആർ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 11-08-2023 | 18-03-2024 |
| ഡോ. ആനന്ദ് വി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 19-03-2024 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-1 |
| 3 | ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-2 |
| 4 | നിക്ഷേപ പ്രവൃത്തികൾ- നീക്കിയിരിപ്പ് തുക കൃത്യമല്ല | 1-1-3 |
| 5 | ഗ്രണഭോക്തൃ വിഹിതം- അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-4 |
| 6 | കാലഹരണപ്പെട്ട നിക്ഷേപ തുകകൾ ഫോർഫീറ്റ് ചെയ്തില്ല | 1-1-5 |
| 7 | Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | പെൻഷൻ ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല | 1-1-7 |
| 9 | ബാധ്യത തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-8 |
| 10 | ഇല്ലാത്ത ബാങ്ക് അക്കൗണ്ട് ആസ്തിയായി ബുക്ക് ചെയ്തു | 1-1-9 |
| 11 | കാപ്പിറ്റൽ കോൺടിബ്യൂഷൻ ഹെഡിലേക്ക് മാറ്റിയ തുകകകൾ കൃത്യമല്ല | 1-1-10 |
| 12 | ഡിമാന്റ് തുക തെറ്റായ ഹെഡിൽ ബുക്ക് ചെയ്തു | 1-1-11 |
| 13 | നിലവിലില്ലാത്ത ബാധ്യത ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-12 |
| 14 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-13 |
| 15 | ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല | 1-1-14 |
| 16 | ബഡ്ജറ്റ് | 1-2 |
| 17 | സാമ്പത്തിക നില | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമ പദ്ധതികൾ | 1-7 |
| 22 | ക്യാഷ് ബാലൻസ് | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില- അവലോകനം | 1-11 |
| 26 | ലൈസൻസ് രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നില്ല | 1-12 |
| 27 | ലൈസൻസ് അപേക്ഷകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-13 |
| 28 | വസ്തു നികുതി | 1-14 |
| 29 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-15 |
| 30 | സിവിൽ നിക്ഷേപങ്ങൾ-കാലഹരണപ്പെട്ടവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല | 1-16 |
| 31 | ടേക്ക് എ ബ്രേക്ക് പദ്ധതി പ്രവർത്തനക്ഷമമായില്ല | 1-17 |
| 32 | സ്റ്റീൽ സ്ലക്ച്ചറുകളിൽ മേൽക്കൂര നിർമ്മിക്കുന്ന പ്രവൃത്തി - അധിക നിരക്ക് അനുവദിച്ച ഇനത്തിൽ ഗ്രാമപഞ്ചായത്തിനു നഷ്ടം | 1-18 |
| 33 | ഹോമിയോ മരുന്നുകൾ ലഭിച്ചില്ല | 1-19 |
| 34 | അലോപ്പതി മരുന്നുകൾ ലഭിക്കാൻ ശേഷിക്കുന്നു | 1-20 |
| 35 | അങ്കണവാടി പോഷകാഹാര പദ്ധതി - കേന്ദ്ര വിഹിതത്തിന്റെ വിനിയോഗം ഉറപ്പാക്കണം | 1-21 |
| 36 | തനത് വരുമാന സമാഹരണം കുറഞ്ഞു- വികസന ഫണ്ടിൽ നിന്നും തുക കുറവ് ചെയ്തു | 1-22 |
| 37 | മുഴുവൻ പൊതു കുടിവെള്ള ടാപ്പുകളും നീക്കം ചെയ്തിട്ടും വാട്ടർ അതോറിറ്റി വെള്ളക്കരം ഡിമാന്റ് ചെയ്യുന്നു | 1-23 |
| 38 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ - അവലോകനം | 1-24 |

| ഭാഗം **2** | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-7 |
| 8 | ചാർജ്ജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതിയിലെ ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31/05/2024 തീയതിയിലെ 1(1)-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 20/06/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടുകൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
07/10/2024

### 1–1–1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 60,03,910 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net

Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 17,30,128 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-2 ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല**

വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല.

01-04-2023-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2023-24-ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. എന്നാൽ 2023-24-ലെ "110100101-Property Tax On Residential Building" എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് 31-03-2024-ലാണ് രേഖപ്പെടുത്തിയിട്ടുള്ളത് കണ്ടു. പുതുതായി അസ്സസ്സ് ചെയ്ത് ഒരു കെട്ടിടത്തിന്റെ നികുതിയും സമയബന്ധിതമായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികളും 31-03-2024-ൽ ഒറ്റ 'എൻട്രി' ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

**1-1-3 നിക്ഷേപ പ്രവൃത്തികൾ- നീക്കിയിരിപ്പ് തുക കൃത്യമല്ല**

ഷെഡ്യൂൾ ബി-18: നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ നീക്കിയിരിപ്പ് കൃത്യമല്ല. നിക്ഷേപിച്ചതും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതുമായ തുകകളുടെ കൃത്യമായ വിവരങ്ങൾ തയ്യാറാക്കി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

**1-1-4 ഗുണഭോക്തൃ വിഹിതം- അക്കൗണ്ടിംഗ് കൃത്യമല്ല**

ഗുണഭോക്തൃ വിഹിതം- മുൻ നീക്കിയിരിപ്പ് തുക (Rs.3000) ക്രമീകരിക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് തിരികെ നൽകുകയോ ചെയ്തിട്ടില്ല.

**1-1-5 കാലഹരണപ്പെട്ട നിക്ഷേപ തുകകൾ ഫോർഫീറ്റ് ചെയ്തില്ല**

ഷെഡ്യൂൾ ബി-7: Deposits Received- കാലഹരണപ്പെട്ട നിക്ഷേപ തുകകൾ 'ഫോർഫീറ്റ്' ചെയ്ത് റവന്യു ഹെഡിലേക്ക് മാറ്റിയിട്ടില്ല.

**1-1-6 Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിച്ചിട്ടില്ല**

ഷെഡ്യൂൾ I-19: Prior Period Income: രേഖപ്പെടുത്തിയിട്ടുള്ള തുകയ്ക്ക് ആധികാരിക രേഖകളുടെ പിൻബലമില്ല.

**1-1-7 പെൻഷൻ ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല**

ഷെഡ്യൂൾ ബി-9: Other Liabilities- Pension Contribution Payable (350110104)-2024 ഫെബ്രുവരി മാസത്തെ പെൻഷൻ കോൺട്രിബ്യൂഷൻ 47985 രൂപ ഏപ്രിൽ മാസമാണ് അടച്ചത്. എന്നാൽ ആ തുക Payable ആയി ബുക്ക് ചെയ്തിട്ടില്ല.

**1-1-8 ബാധ്യത തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു**

ഷെഡ്യൂൾ ബി-9: Other Liabilities-Service Tax Payable- Rs. 292 തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

**1-1-9 ഇല്ലാത്ത ബാങ്ക് അക്കൗണ്ട് ആസ്തിയായി ബുക്ക് ചെയ്തു**

ഷെഡ്യൂൾ ബി-17: Cash & Bank Balance- Fund In Bank A/c Of National Health Mission- Rs. 236447 -നിലവിൽ ഇല്ലാത്ത അക്കൗണ്ട് ആസ്തിയായി ബുക്ക് ചെയ്തിരിക്കുന്നു.

### 1-1-10 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റിയ തുകകൾ കൃത്യമല്ല

ആസ്തി സൃഷ്ടിക്കുന്നതിന് ചെലവായ തുക, Capital Contribution Headലേക്ക് മാറ്റിയിട്ടുള്ളത് കൃത്യമല്ല.

### 1-1-11 ഡിമാന്റ് തുക തെറ്റായ ഹെഡിൽ ബുക്ക് ചെയ്തു

ഷെഡ്യൂൾ I-1: Surcharge On Property Tax – തെറ്റായി ഇൻകം ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### 1-1-12 നിലവിലില്ലാത്ത ബാധ്യത ഉൾപ്പെടുത്തിയിരിക്കുന്നു

ഷെഡ്യൂൾ B-15: Receivables For Surcharge On Property Tax-4008 രൂപ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ആയത് നിലവിലില്ല.

### 1-1-13 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

ഗ്രാമപഞ്ചായത്തിന്റെ എല്ലാ ആസ്തികളും കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-1-14 ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല

ചുവടെ വിവരിക്കുന്ന ഇനങ്ങൾക്കായി ചെലവഴിച്ച തുകകൾ, ചെലവ് ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല. ഇതുമൂലം ആസ്തി ഹെഡിൽ ഉൾപ്പെടേണ്ട പല ഇനങ്ങളും റവന്യു ഹെഡിൽ തെറ്റായി ഉൾപ്പെട്ടു.

| ക്രമ നം. | ചെലവിന്റെ വിവരം | തുക (രൂ.) | ചെലവ് ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|
| 1 | ഷെഡ്യൂൾ I-14(A): സ്കൂളുകൾക്ക് ടോയ്ലറ്റ് നിർമ്മാണം (ആസ്തി) | 7,50,000 | 251100312-Girl Friendly Toilets In Govt. Schools (റവന്യു) |
| 2 | ഷെഡ്യൂൾ B-11(c): ICDP സബ്സെന്റർ നിർമ്മാണം (പ്രോജക്ട് നം. 136/24) | 2,29,665 | ചെലവഴിച്ച രൂപയിൽ 100000 രൂപ 413120003 എന്ന ഹെഡിലും (Animal Husbandary Infrastructure- ICDP Subcentre), 129665 രൂപ 415120102 എന്ന ഹെഡിലും (Other Building) ബുക്ക് ചെയ്തു. |
| 3 | ഷെഡ്യൂൾ B-11(e): ജില്ലാ ആസൂത്രണ സമിതി കെട്ടിട നിർമ്മാണത്തിന് നൽകിയ വിഹിതം (പ്രോജക്ട് നം. 65/24) (റവന്യു-Donations And Contributions As Per Govt. Order) | 2,10,259 | 415120102- Other Building |
| 4 | ഷെഡ്യൂൾ B-11(e): ശുചിത്വ ബോർഡ് സ്ഥാപിക്കൽ (Sanitaion Expense) | 34,450 | 415120005-Sanitation Facilities |
| 5 | ഷെഡ്യൂൾ B-11(e): ഹരിത കർമ്മ സേനയ്ക്ക് യൂണിഫോം, സുരക്ഷാ ഉപകരണങ്ങൾ എന്നിവ വാങ്ങിയത് (Sanitaion Expense) | 13,20<br>13,400 | 415120105-Other Building-Sanitation Facilities |
| 6 | ഷെഡ്യൂൾ I-11: Pre Monsoon Campaign-നൽകിയ തുക, കമ്മിറ്റി റിഫ്രഷ്മെന്റ് ചെലവ് (Sanitaion/Refreshment Charges) | 1,30,000<br>6,244 | 220110199-Other Office Maintenance |
| 7 | ഷെഡ്യൂൾ I-11: ഹോമിയോ ഡിസ്പെൻസറി വാടക ചെലവ് (Rent Transferred Institution) | 20,900 | 220800199-Other Administrative Expense |

| | | | |
|---|---|---|---|
| 8 | ഷെഡ്യൂൾ I-14(B): കൃഷി ഭവന്റെ കണ്ടിജന്റ് ചെലവുകൾ (Expenditure Of Transferred Institution-Agriculture) | 17,878 | 252140204- Contribution Asper G.O Infrastructure |
| 9 | 8. ഷെഡ്യൂൾ I-14(B): പഞ്ചായത്ത് ഓഫീസ് മുകൾ നിലയുടെ നവീകരണം (ആസ്തി വർദ്ധനവ്) | 2,50,000 | 252120005-Local Self Government Institution Officer Building-Public Buildings -Related Facilities |

## 1-2 ബഡ്ജറ്റ്

| | |
|---|---|
| ബഡ്ജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തീയതി | 15.03.2023 |
| ബഡ്ജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയതി | 20.03.2023 |
| റിവൈസ്ഡ് ബഡ്ജറ്റ് അംഗീകരിച്ച തീയതി | 03.02.2024 |

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് (റസീറ്റ് & പേമെന്റ്) | യഥാർത്ഥത്തിലുള്ളത് (ഇൻകം ആന്റ് എക്സ്പെന്റീച്ചർ) |
|---|---|---|---|
| മുന്നിരിപ്പ് | 2270332 | 3760333 | |
| വരവ് | 120558682 | 31154524 | 134233092 |
| ആകെ | 122829014 | 34914857 | |
| ചെലവ് | 122005367 | 25150614 | 141398336 |
| നീക്കിയിരിപ്പ് | 823647 | 9764243 | |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 ബജറ്റ് തയ്യാറാക്കലും അതിന്റെ അനുമതി നൽകലും അനുസരിച്ച് അടുത്ത വർഷത്തേക്ക് ഉണ്ടാക്കാൻ ഇടയുള്ള വരവ് ചിലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ാം തീയതിക്ക് മുമ്പായി സെക്രട്ടറിയും, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും, അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. സെക്ഷൻ 214, 1(എ) ഉപ വകുപ്പ് പ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളെയും ഈ ആവശ്യങ്ങളെയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബഡ്ജറ്റ് തയ്യാറാക്കേണ്ടതും, അത് പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പായി പഞ്ചായത്ത് മുമ്പാകെ അതിന്റെ ഒരു പ്രത്യേക യോഗത്തിൽ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച് പ്രസിഡന്റിന്റെ ആമുഖ പ്രഖ്യാപനത്തിനുശേഷം പഞ്ചായത്തിന്റെ അംഗീകാരത്തിനായി വെക്കേണ്ടതുമാണ്. 1 (ബി) ഉപ വകുപ്പ് പ്രകാരം പഞ്ചായത്ത് ബഡ്ജറ്റ് നിർദ്ദേശങ്ങൾ പരിഗണിക്കുകയും ബഡ്ജറ്റ് എസ്റ്റിമേറ്റ് അത് ഏത് വർഷത്തെ സംബന്ധിച്ചാണോ ആ വർഷം തുടങ്ങുന്നതിനു മുമ്പായി അതിലേതെങ്കിലും ഭേദഗതികൾ ഉണ്ടെങ്കിൽ അത് സഹിതം അന്തിമമായി പാസാക്കേണ്ടതുമാണ്.

മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിലെ ബഡ്ജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ചത് മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിഞ്ഞ് 15.03.23-ലാണ്. ശേഷം 16.03.23-ൽ ജനറൽ കമ്മറ്റിയിൽ ബജറ്റ് മാത്രമായി ചർച്ച ചെയ്തിട്ടുള്ളതും 20.03.23-ൽ അംഗീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ 'സകർമ'യിൽ 16.03.23-ലെ പ്രത്യേക യോഗം എന്നതിനു പകരം സാധാരണ യോഗം എന്നാണ് രേഖപ്പെടുത്തിയത്. അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക നില

| | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെന്റീച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 3760333 | |
| വരവ് | 31154524 | 134233092 |
| ആകെ | 34914857 | |

| | | |
|---|---|---|
| ചെലവ് | 25150614 | 141398336 |
| നീക്കിയിരുപ്പ് | 9764243 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 9260460 | 9260460 | 7274900 | -- | 1985560 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 5909000 | 5909000 | 4222607 | -- | 1686393 |
| വികസന ഫണ്ട്-റ്റി.എസ്.പി | ,, | Xx | Xx | Xx | Xx | Xx |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 1562766 | 1177400 | 2740166 | 1670525 | 1069641 | Xx |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 189470 | 1549000 | 1780248 | 1598421 | 181827 | Xx |
| | പലിശ | 41778 | | | | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | ,, | 3072000 | 3072000 | 3065972 | Xx | 6028 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | ,, | 1720000 | 1720000 | 1717173 | Xx | 2827 |
| **സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | | | | |
| ലൈഫ് -സംസ്ഥാനം വിഹിതം | 200000 | 5340000 | 5540000 | 4680000 | 860000 | -- |
| ശുചിത്വ മിഷൻ | 413262 | -- | 413262 | 375200 | 38062 | -- |
| സമ്പൂർണ്ണശുചിത്വം | 199999 | -- | 199999 | 199482 | 517 | -- |
| ഐ.സി.ഡി.എസ്. | 1568754 | 675264 | 2244018 | 84583 | 2159435 | -- |
| സാക്ഷരത | -- | 3563 | 3563 | 3563 | 0 | -- |
| ഹെൽത്ത് ഗ്രാന്റ് | 30641 | 931863 | 962504 | 60593 | 901911 | -- |
| എൻ.എച്ച്.എം. | -- | 500000 | 500000 | -- | 500000 | -- |
| സ്വച്ഛ് ഭാരത് അഭിയാൻ | -- | 324000 | 324000 | 324000 | 0 | |
| ബയോ ഡൈവേഴ്സിറ്റി | 29118 | 200288 | 229406 | 25600 | 203806 | |
| ശബരിമല ഗ്രാന്റ് | 532009 | -- | 532009 | 532009 | -- | |

2023-24 സാമ്പത്തിക വർഷം ജനറൽ പർപ്പസ് ഗ്രാന്റായി 59,07,800 രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ 2022-23 വർഷം അലോട്ട്മെന്റിൽ കുറവ് വന്ന ഒരു ഗഡു തുക (4,91,600 രൂപ) കൂടി ഉൾപ്പെട്ടിട്ടുണ്ട്.

1. സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ(അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 3,30,164 |
| ,, | അങ്കണവാടി അധിക വേതനം | 5,69,400 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 5,50,492 |

2. ഗ്രാന്റ് വിനിയോഗത്തിലെ കുറവ്- ഗ്രാമപഞ്ചായത്തിന് ഷോർട്ട് ഫോളിനത്തിൽ തുക നഷ്ടപ്പെടും

2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച വികസനഫണ്ട് പൂർണ്ണമായി ചെലവഴിക്കാൻ സാധിക്കാതിരുന്നതിനാൽ (80% മുകളിൽ) ഷോർട്ട് ഫോൾ ഇനത്തിൽ തുക നഷ്ടമാകുന്ന സാഹചര്യമാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം | അനുവദിക്കുന്ന പരമാവധി ക്യാരി ഓവർ തുക |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 9260460 | 7274900 | 78.56 | 1852092 |

| | | | | |
|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | 5909000 | 4222607 | 71.46 | 1181800 |

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ.(എം.എസ്.) 79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി സംരക്ഷണ ഗ്രാന്റുകൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം, ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ക്യാരി-ഓവർ ചെയ്ത് ലഭ്യമാകുന്നത്. വിനിയോഗ ശതമാനം 80 ശതമാനത്തിൽ കുറവാണെങ്കിൽ, യഥാർത്ഥ ചെലവും ആകെ അനുവദിച്ച ഫണ്ടിന്റെ 80% എന്നിവയും തമ്മിലുള്ള വ്യത്യാസം ഷോർട്ട്ഫോൾ ആകുന്നതാണ്. വികസന ഫണ്ട് എസ്.സി.പി./ടി.എസ്.പി. ഫണ്ടുകളിൽ സംഭവിയ്ക്കുന്ന ഇപ്രകാരമുള്ള ഷോർട്ട്ഫോൾ തുക തുടർന്നുള്ള വർഷത്തെ വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്ന് പരിഹാര വകയിരുത്തലായി കുറവ് ചെയ്യുന്നതാണ്.

## 1-5 പദ്ധതി അവലോകനം

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 175 | 71872080 | 135 | 77 % | 30758200 | 40 |

**നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം**

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 4 | 1 | 490000 | 10188 | 2.08 |
| 2 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 11 | 11 | 3498658 | 1385274 | 39.59 |
| 3 | കൃഷി ഓഫീസർ | 05 | 05 | 4016993 | 1344538 | 33.47 |
| 4 | സെക്രട്ടറി | 28 | 15 | 3622871 | 2414788 | 66.65 |
| 5 | വെറ്ററിനറി സർജൻ | 5 | 5 | 671000 | 529723 | 78.95 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 25 | 15 | 35424232 | 14637762 | 41.32 |
| 8 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 6 | 2500000 | 1182804 | 47.31 |
| 9 | ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 1 | 250000 | 32328 | 12.93 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 14 | 6 | 1969521 | 586158 | 29.76 |
| 11 | ഹെഡ്മാസ്റ്റർ | 4 | 4 | 479000 | 394957 | 82.45 |
| 12 | അസിസ്റ്റന്റ് എഞ്ചിനീയർ | 67 | 43 | 18734805 | 8113830 | 43.31 |
| 13 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | 145000 | 97850 | 67.48 |
| 14 | ഫിഷറീസ് ഓഫീസർ | 2 | 2 | 70000 | 28000 | 40 |
| | **ആകെ** | **175** | **135** | **71872080** | **30758200** | **42.79** |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

**തൊഴിലുറപ്പ് പദ്ധതി അവലോകനം**

| ക്രമ | വിവരണം | വിശദവിവരം |
|---|---|---|

| നം. | | |
|---|---|---|
| 1. | ആക്ഷൻ പ്ലാൻപ്രകാരം ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുക | 10912500 |
| 2. | ചെലവഴിച്ച തുക | 9813678 |
| 3. | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ ശതമാനം | 89.93% |
| 4. | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1338 |
| 5. | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 349 |
| 6. | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ ശതമാനം | 26.08% |
| 7. | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 153 |
| 8. | തൻവർഷം ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ടോ? | ഉണ്ട് |

**തൊഴിലുറപ്പ് പദ്ധതി ചെലവുകൾ**

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 355 | 9813423 | 9813678 | 9813678 | 0 |

**സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| വർഷം | ഓഡിറ്റ് നടത്തിയ തീയതി | റിപ്പോർട്ട് നൽകിയ തീയതി |
|---|---|---|
| 2023-24 | 03.07.23 ,12.01.2024 | 17.02.2024 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പെൻഷൻ ഇനം | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1107200 | 92 |
| മാനസിക – ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1155600 | 100 |
| വിധവാ പെൻഷൻ | 4258100 | 407 |
| വാർദ്ധക്യകാല പെൻഷൻ | 11058200 | 1005 |
| അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 212800 | 22 |
| തൊഴിൽ രഹിത വേതനം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.09.24 തീയതിയിൽ 12.30 PM ന്, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4876 രൂപ (നാലായിരത്തി എണ്ണൂറ്റി എഴുപത്തിയാറ് രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവ് പ്രകാരം ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ബാങ്കിംഗ് ഇടപാടുകൾക്ക് ബാങ്കിൽ പോകുന്നതിന്റെ ഉത്തരവാദിത്തം സംബന്ധിച്ച ചുമതല ഓഫീസ് ഉത്തരവിൽ പരാമർശിച്ച് കണ്ടില്ല. നിലവിൽ ഓഫീസ് അസിസ്റ്റന്റാണ് ഈ ഡ്യൂട്ടി ചെയ്യുന്നത്. സ്ഥിരമായി ഓരാൾ ഈ ഡ്യൂട്ടി ചെയ്യുന്നത് ഒഴിവാക്കേണ്ടതും ആയതിന്റെ ജോലി വിഭജനം ഓഫീസ് ഉത്തരവിൽ നിർണ്ണയിക്കേണ്ടതുമാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണ്.
ഭരണസമിതി മിനിട്സ് പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ യഥാസമയം അദ്ധ്യക്ഷൻ അപ്രൂവ് ചെയ്ത് ക്ലോസ് ചെയ്യുന്നില്ല. ഉദാഹരണമായി 12.4.2023-ലെ മിനുട്സ് 19.5.2023 നും 27.4.2023-ലെ മിനുട്സ് 20.6.2023 നും 23.5.2023 ലെ മിനുട്സ് 42.6.2023 നും മാത്രമാണ് ക്ലോസ് ചെയ്തത്.
തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പിൽ ലക്ഷ്യം കൈവരിക്കാനായിട്ടില്ല. ആകെയുള്ള 175 പ്രോജക്ടുകളിൽ 135 എണ്ണം മാത്രമാണ് നിർവ്വഹണം നടത്തിയത്. പ്രോജക്ട്

ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുകയോ അവരുടെ മീറ്റിങ്ങുകളിൽ പ്രോജക്ട് മോണിറ്ററിംഗ് അജണ്ടയാകുകയോ ചെയ്തിട്ടില്ല.
അസിസ്റ്റന്റ് എഞ്ചിനിയർ കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. കരാർ രജിസ്റ്ററിൽ പൂർത്തീകരണ കാലം രേഖപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് വ്യക്തമല്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.03.2014 മുതൽ 18.03.2014 വരെ | 2008-2009 മുതൽ 2012-2013 വരെ | 01.05.2014 |
| പെർഫോമൻസ് ഓഡിറ്റ് | 22.06.2022 – 23.06.2022 | 01/2022 മുതൽ 03/2022 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-11 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില- അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ തനത് വരുമാനവും ചെലവുകളും സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തനത് വരുമാനം | തുക | തനത് ചെലവുകൾ | തുക |
|---|---|---|---|
| നികുതി വരുമാനം (I-1) | 5224987 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ (1-10) | 10326603 |
| വാടക (I-3) | 204064 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ( I-11) | 1058963 |
| ഫീസുകളും യൂസർ ചാർജ്ജും (I-4) | 1858041 | ഓപ്പറേഷൻസ് & മെയിന്റനൻസ് (I-12) | 1094642 |
| ടെണ്ടർ ഫോം വിൽപ്പന (I-5) | 24235 | ഫിനാൻസ് ചാർജ്ജ് (I-13) | 2500 |
| പലിശ (I-8) | 42387 | ആശാൻ ഗ്രാന്റ് (I-15) | 20000 |
| **വരവിൽ കവിഞ്ഞ് ചെലവ്** | ***5148994*** | | |
| | 7353714 | | 12502708 |

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ആശാവഹമല്ല. പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ടു മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് എന്നിവ മുടക്കം കൂടാതെ നൽകാൻ കഴിയുന്നത്. തൻവർഷം ലഭിച്ച പൊതു ആവശ്യ ഗ്രാന്റ് 5097800 രൂപയാണ്. ഇതിൽ 2022-23 വർഷം ലഭിക്കാനുണ്ടായിരുന്ന 4,91,600 രൂപ കൂടി ഉൾപ്പെടുന്നു. കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ റവന്യു കമ്മി 51.49 ലക്ഷം രൂപയാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ തനത്ഫണ്ട് ആവശ്യമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാകാത്തതുമൂലം പഞ്ചായത്തിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിന് സ്ഥാപനത്തിന്

കഴിയാതെ വരുന്നു.

**തനത് ഫണ്ടിന്റെ അപര്യാപ്തത - ഫണ്ട് വകമാറ്റി ചെലവഴിക്കുന്നു**

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം നിക്ഷേപിക്കുന്നതിനായി 4 അക്കൗണ്ടുകളാണ് നിലവിൽ ഉള്ളത്. ആയതിന്റെ 31-03-2024 പ്രകാരമുള്ള നീക്കിയിരുപ്പ് വിശദാംശങ്ങൾ ചുവടെ ചേക്കുന്നു.

| | |
|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ-e- Pay | 81679 |
| സൗത്ത് ഇന്ത്യൻ ബാങ്ക് | 313728 |
| സൗത്ത് ഇന്ത്യൻ ബാങ്ക് | 522277 |
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | 3182921 |
| **ആകെ** | **4100605** |

വിവിധ കേന്ദ്ര/സസ്ഥാനവിഷ്കൃത പദ്ധതികൾ, ശബരിമല സ്പെഷ്യൽ ഫണ്ട്, ശുചിത്വമിഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ലഭിക്കുന്ന ഫണ്ടുകൾ തനത് ഫണ്ടിലാണ് നിക്ഷേപിക്കുന്നത്. പ്രസ്തുത ഇനങ്ങളിലുള്ള നീക്കിയിരുപ്പ് ചുവടെ ചേർക്കുന്നു.

| ഫണ്ട് | തുക |
|---|---|
| ലൈഫ് സംസ്ഥാന വിഹിതം | 860000 |
| ഐ.സി.ഡി.എസ്. | 2159435 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 38062 |
| നാഷണൽ ഹെൽത്ത് മിഷൻ | 500000 |
| ഉണഭോക്തൃ വിഹിതം | 3000 |
| സമ്പൂർണ്ണ ശുചിത്വം | 517 |
| അവാർഡ് തുക | 98784 |
| | 3659798 |

ഇവ കൂടാതെ തിരികെ നൽകേണ്ട സെക്യൂരിറ്റി നിക്ഷേപം ഇനത്തിലുൾപ്പെടെ 12,00,788 രൂപ ബാധ്യതയുമുണ്ട്. ആകെ 48.65 ലക്ഷം രൂപയുടെ ബാധ്യത നിലനിൽക്കുമ്പോൾ, തനത് ഫണ്ടിൽ 41 ലക്ഷം രൂപ മാത്രമാണ് അവശേഷിക്കുന്നത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളും ഉണശീർഷ തുകകളും തനത് ഫണ്ടിൽ നിക്ഷേപിക്കുന്നതുമൂലം, തനത് ഫണ്ടിന്റെ അപര്യാപ്തതകൊണ്ട് മേൽ ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ പ്രത്യേക അക്കൗണ്ട് തുടങ്ങി അതിൽ നിക്ഷേപിക്കുന്നത് അഭിലഷണീയമാണ്.

## 1-12 ലൈസൻസ് രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നില്ല

1. സിവിൽ & വാസ്തു കൺസൾട്ടൻസി (അനിൽ കുമാർ), പൂജ സാധനങ്ങളുടെ കട (സന്തോഷ് കുമാർ) എന്നീ രണ്ടു സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷകൾ റിട്ടേൺ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത് തുക അടവാക്കിയിട്ടുണ്ടെങ്കിലും, ഇവരുടെ വിവരങ്ങൾ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലായിരുന്നു. ഭാവിയിൽ ലഭിക്കുന്ന എല്ലാ അപേക്ഷകളുടെ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തി ലൈസൻസ് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

2. 2022-23 ലെ FTEOS ലൈസൻസ് രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ, ഈ സ്ഥാപനങ്ങൾ 2023-24 ൽ ലൈസൻസ് പുതുക്കിയതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കാരംവേലി ക്ഷീരോത്പാദക സഹകരണ സംഘം |
| 2 | ജനകീയ ഹോട്ടൽ (ട്രീസാമ്മ സെബാസ്റ്റ്യൻ) |
| 3 | ഫുട് വെയേഴ്സ് (നിസാർ അഹമ്മദ് ) |
| 4 | ഫോട്ടോ സ്റ്റുഡിയോ (വിശ്വേശ്വരൻ) |
| 5 | വർണ ടേഡേഴ്സ് (ബാലചന്ദ്രൻ) |
| 6 | എക്സ്ടീം കാർ വാഷ് (ദേവിക എ. നായർ) |

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ, കാരംവേലി ക്ഷീരോത്പാദക സഹകരണ സംഘം ലൈസൻസ് ഫീ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ജനകീയ ഹോട്ടൽ നിലവിൽ പ്രവർത്തനരഹിതമാണെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള നാല് സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസ്

ഒടുക്കുന്നതിന് കത്ത് നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-13 ലൈസൻസ് അപേക്ഷകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

മൂലധന നിക്ഷേപം പരിശോധിക്കാതെ ലൈസൻസ് ഫീസ് നിശ്ചയിച്ചു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം, ലൈസൻസിനുള്ള അപേക്ഷയിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ നിർബന്ധമായി ഉണ്ടായിരിക്കണം. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ, തൻവർഷം ലൈസൻസിനായി സമർപ്പിച്ച മിക്ക അപേക്ഷകളിലും ഇപ്രകാരം അവശ്യം വേണ്ട വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ, പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|
| 1 | വേണു സ്റ്റോർ (വേണുഗോപാലൻ നായർ ) | 600 |
| 2 | കാറ്ററിംഗ് സർവീസ് (ഗോപാലകൃഷ്ണൻ നായർ) | 2000 |
| 3 | പെയിന്റ് വില്പന (ആഷ്‌ലി മാത്യു) | 1000 |
| 4 | രാസവള വ്യാപാരം (തോമസ് ) | 1000 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 6/05-09-2024), അപേക്ഷകരിൽ നിന്നും മൂലധന നിക്ഷേപം എഴുതി വാങ്ങി അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഭാവിയിൽ, ലൈസൻസ് അപേക്ഷകൾ സ്വീകരിക്കുമ്പോൾ അവശ്യ വിവരങ്ങൾ എല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്നു ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ, ലൈസൻസ് രജിസ്റ്റർ പരിപാലിക്കുന്നതിലും അപേക്ഷകരുടെ പേര് വിവരങ്ങൾ രേഖപ്പെടുത്തുന്നതിലും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-14 വസ്തു നികുതി

2023-24-ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി 97.96 % പിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Annual Financial Statement (2023-24)- PropertyTax | | | | |
|---|---|---|---|---|
| | Demand | Collection | Balance | Percentage |
| Residential | 2109438 | 2106352 | 3086 | 99.85% |
| Non-residential | 1644175 | 1604008 | 40167 | 96.07% |
| **Total** | **3753613** | **3710360** | **43253** | **97.96%** |

വസ്തു നികുതി അടവാക്കുന്നതു സംബന്ധിച്ച് 7 പേർക്ക് റവന്യൂ റിക്കവറി നോട്ടീസ് അയച്ചിട്ടുണ്ട്. ഇതിൽ, 6 പേരും വസ്തു നികുതി അടവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

## 1-15 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം, ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളും, 2023-24 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ യഥാസമയം കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും സാധിക്കുന്നില്ല.

2023-24 വാർഷിക ധനകാര്യ പത്രിക പ്രകാരം, ലൈസൻസ് ഫീ (FTEOS) മുഴുവനായും പിരിച്ചെടുത്തതായി കാണിച്ചിട്ടുണ്ട്. എന്നാൽ, ലൈസൻസ് പരിധിയിൽ വരുന്ന പല സ്ഥാപനങ്ങളും ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്. ലൈസൻസ് ഫീസ് കളക്ഷൻ തന്നെ ഡിമാന്റ് ആയി കാണിച്ചിട്ടുള്ളതിൽ ആധികാരികത ഇല്ല.

ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന ഏതാനും സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. റേഷൻ കടകൾ – 5 എണ്ണം (ARD No. 69, 70, 74, 76, 77)
2. ഓന്തേക്കാട് ക്ഷീര സഹകരണ സംഘം
3. കുഴിക്കാല ക്ഷീര സഹകരണ സംഘം
4. അക്ഷയകേന്ദ്രം-പുന്നയ്ക്കാട്
5. അക്ഷയകേന്ദ്രം-കുഴികാല

ലൈസൻസ് ഫീസ് അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ആയത് ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. ഇതിലേക്ക് ധനകാര്യ സ്റ്റാറ്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 സിവിൽ നിക്ഷേപങ്ങൾ-കാലഹരണപ്പെട്ടവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 282 പ്രകാരവും 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 79 പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകളിൽ മൂന്ന് വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പടുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 14-01-2020-ലെ എ.സി.1/125/2019/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി അക്കൗണ്ടിൽ നിലനിൽക്കുന്ന ഡെപ്പെസിറ്റുകൾ ഓരോന്നിന്റെയും കാലാവധി മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്നും, ഇത് കൃത്യമായി ഉറപ്പുവരുത്താനാവശ്യമായ ക്രമീകരണവും, ബന്ധപ്പെട്ട റെക്കോർഡുകളുടെ പരിപാലനവും തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ചെയ്യേണ്ടതുമാണെന്ന് ടി സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും ഗ്രാമപഞ്ചായത്ത് ഋണബാധ്യത കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതായി കാണുന്നു. കരാറുകാർ, സപ്ലയേഴ്സ്, എന്നിവരിൽ നിന്നുള്ള നിരതദ്രവ്യം, സെക്യൂരിറ്റി നിക്ഷേപം എന്നീ ഇനങ്ങളിലായി 31-03-2021-ന് മുമ്പ് ലഭിച്ചിട്ടുള്ളതും വാർഷിക കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതുമായ 2,26,417 രൂപ ഇതിനോടകം കാലഹരണപ്പെട്ടിട്ടുള്ളതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബാലൻസ്ഷീറ്റ് പ്രകാരമുള്ള തുക (31-03-2024) | കാലഹരണപ്പെട്ടത് |
|---|---|---|
| Contractors' Earnest Money Deposit | 27885 | 20685 |
| Suppliers' Earnest Money Deposit | 18020 | 18020 |
| Bidder's Earnest Money Deposit | 20550 | 11700 |
| Suppliers' Security Deposit | 17750 | 17750 |
| Bidder's Security Deposit | 16450 | 16450 |
| Contractors' Retention | 55843 | 10118 |
| Election Deposit | 32000 | 32000 |
| Other Deposits | 91194 | 91194 |
| Deposit Received From Others | 8500 | 8500 |
| **ആകെ** | | **226417** |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 144 പ്രകാരം ഇലക്ഷൻ നിക്ഷേപം തിരിച്ചു നൽകുകയോ കണ്ടുകെട്ടുകയോ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തെരഞ്ഞെടുപ്പു ഫലം പ്രഖ്യാപിച്ച ശേഷം 3 മാസത്തിനകം നിക്ഷേപം തിരിച്ചു നൽകേണ്ടതും 144(4) പ്രകാരം തിരിച്ചു നൽകാത്ത നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതുമാണ്. 31.03.2024-ലെ ബാലൻസ് ഷീറ്റ് പ്രകാരം ഇലക്ഷൻ നിക്ഷേപം ഇനത്തിൽ 32000 രൂപ അവശേഷിയ്ക്കുന്നുണ്ട്.

കാലഹരണപ്പെട്ട നിക്ഷേപം സമയബന്ധിതമായി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയിൽ നിന്നും ഒഴിവാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻകുറിക്ക് (നം.8/06-09-2024) മറുപടിയായി, കാലഹരണപ്പെട്ട നിക്ഷേപങ്ങൾ അടിയന്തിരമായി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-17 ടേക്ക് എ ബ്രേക്ക് പദ്ധതി പ്രവർത്തനക്ഷമമായില്ല




2021-22 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ടേക്ക്-എ-ബ്രേക്ക് പദ്ധതി 2023-24 വർഷത്തിലും പൂർത്തീകരിക്കാനായില്ല. പ്രോജക്ടിന്റെ ഭാഗമായ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ പാതി വഴിയിൽ നിലച്ചതായി ഓഡിറ്റിന്റെ ഭാഗമായി 9.9.2024-ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ കണ്ടു. 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 28.10.2021-ൽ ടെണ്ടർ ക്ഷണിക്കുകയും ചെയ്ത പദ്ധതിയുടെ പൂർത്തീകരണ കാലാവധി 5 മാസമായി നിജപ്പെടുത്തിയിരുന്നു. 11.11.2021-ന കരാർ വെച്ച പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രവൃത്തികളിൽ ചുറ്റുമതിലിന്റെ പ്രവൃത്തി ഉപേക്ഷിച്ച് കെട്ടിടത്തിന്റെ പ്ലമ്പിംഗ് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികൾ മാത്രമായി 16.8.2023 നാണ് പൂർത്തീകരിച്ചത്. ഈ പ്രവൃത്തിക്കായി 650000 രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിൽ വൈദ്യുതീകരണത്തിനു വേണ്ട തുക വകകൊള്ളിച്ചിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.16/7.9.2024) ലഭിച്ച മറുപടിയിൽ വൈദ്യുതീകരണത്തിനുള്ള പ്രോജക്ട് 2024-2025-ൽ നടപ്പിലാക്കുന്നതാണെന്നും, നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചശേഷം പദ്ധതി സൈറ്റ് നടത്തിപ്പിനായി കൈമാറുന്നതാണെന്നും അറിയിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 90/22, 116/24 -ടേക്ക് എ ബ്രേക്ക് |
| കരാറുകാരന്റെ പേര് | ബിജി ഉദയൻ, ഉറുമ്പിൽ മോഹന വിലാസം,പൂന്നക്കാട് |
| ഫണ്ട് (വകയിരുത്തിയത്) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 440000<br>കേന്ദ്ര വിഹിതം - 210000<br>ജില്ലാ പഞ്ചായത്ത് വിഹിതം - 350000<br>ആകെ - 1000000 |
| ചെലവഴിച്ചത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 440000<br>കേന്ദ്ര വിഹിതം - 210000 |
| ബിൽ നമ്പർ / തീയതി | 325/26.03.2022 – 276217<br>- 163783<br>- 210000 |

പമ്പാ ജലസേചന പദ്ധതിയുടെ ഭാഗമായ PIP കനാലിനോടു ചേർന്നു തുണ്ടഴത്ത് ടി.കെ. റോഡിൽ നിന്ന് വാഹനങ്ങൾക്ക് പ്രവേശിക്കാവുന്നതും പാർക്കിംഗ് സൗകര്യം ഉള്ളതുമായ സ്ഥലത്താണ് ഇത് നിർമ്മിച്ചിരിക്കുന്നത് എന്നതിനാൽ പദ്ധതി യാത്രക്കാർ ഉൾപ്പെടെയുള്ള ജനങ്ങൾക്ക് വളരെ പ്രയോജനകരമാണ്. ഭരണസമിതി ഈ വിഷയത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതും പാതി വഴിയിൽ നിലച്ചുപോയ പദ്ധതി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 സ്റ്റീൽ സ്ലക്ച്ചറുകളിൽ മേൽക്കൂര നിർമ്മിക്കുന്ന പ്രവൃത്തി - അധിക നിരക്ക് അനുവദിച്ച ഇനത്തിൽ ഗ്രാമപഞ്ചായത്തിനു നഷ്ടം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ സ്റ്റീൽ സ്ലക്ച്ചറുകളിൽ ഷീറ്റിട്ട് മേൽക്കൂര നിർമ്മിക്കുന്ന പ്രവൃത്തികളിൽ സ്റ്റീൽ സ്ലക്ച്ചർ പ്രവൃത്തി മുഴുവനായും ബിൽട്ടപ്പ് സെക്ഷനുകളായി പണിയുന്നതിനുള്ള ഉയർന്ന നിരക്കിലുള്ള ഡാറ്റ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്ത പ്രവൃത്തി ബിൽട്ടപ്പ് സെക്ഷനായിട്ടാണോ സിംഗിൾ സെക്ഷൻ ആയിട്ടാണോ ചെയ്തത് എന്ന് പരിഗണക്കാതെ മുഴുവൻ പ്രവൃത്തിക്കും ഉയർന്ന നിരക്കിലുള്ള തുക അനുവദിച്ച് നൽകുകയും ചെയ്തതിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 9.9.2023-ന താഴെ പറയുന്ന പ്രോജക്ട് സൈറ്റുകൾ അസിസ്റ്റന്റ് എഞ്ചിനിയറുടെ സാന്നിധ്യത്തിൽ പരിശോധന നടത്തിയപ്പോൾ ഇക്കാര്യം വ്യക്തമായി.

1. കാരംവേലി ജി എൽ പി സ്കൂൾ മെയിൻറനൻസ്.

2. പഞ്ചായത്ത് ഓഫീസ് രണ്ടാംനില നവീകരണം.

പ്രോജക്ട് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | ജി എൽ പി സ്കൂൾ, കാരംവേലി നവീകരണം. (122/24) | പഞ്ചായത്ത് ഓഫീസ് മുകൾനിലയുടെ നവീകരണം.(115/24) |
|---|---|---|
| അടങ്കൽ | 2373000 | 525000 |
| കരാറുകാരൻ | ഫിലിപ് തോമസ് | അജിത് സി.വി |
| കരാർ | 15/AE/LSGD/MLPZY/2022-23 Dtd. 15.2.2023 | 2/AE/LSGD/MLPZY/2023-24 Dtd. 15.5.2023 |
| ചെലവ് | 841698 | 250000 |
| ബിൽ വിവരം | Bill No. 3/23-24 – 515337<br>Bill No. 5/23-24 – 126361<br>Bill No. 11/23-24 - 200000 | Bill No. 8/23-24 - 250000 |

ഈ 2 പ്രോജക്ടുകളിലും മേൽക്കൂരയുടെ സ്ലക്ച്ചർ പണിയുന്നതിനു 10.16.1 Steel Work In Built Up Tubular (Round, Square Or Rectangular Hollow Tubes Etc.) Trusses Etc., Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer, Including Welding And Bolted With Special Shaped Washers Etc. Complete. എന്ന ഡാറ്റ അവലംബിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ബിൽടപ്പ് ട്രസ്സുകൾ തയ്യാറാക്കുന്നതിനുള്ള ഉയർന്ന വെൽഡിംഗ് ചെലവും ലേബർകോസ്റ്റും ഉൾപ്പെടുത്തിയാണ് ഈ ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. കാരംവേലി ജി.എൽ.പി സ്കൂൾ മുറ്റം ഷീറ്റ് മേയുന്നതിനുള്ള റാഫ്റ്ററുകൾ ട്രസ്സ് വർക്കിലാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഈ രണ്ട് പ്രോജക്ടിലേയും മുഴുവൻ പർലിനുകളും അതുപോലെ സ്കൂൾ കെട്ടിടത്തിനോട് ചേർന്ന് ഷീറ്റ് മേയുന്ന പ്രവർത്തിയിലെ റാഫ്റ്ററുകളും സിംഗിൾ സെക്ഷൻ പ്രവൃത്തി ആയിട്ടാണ് ചെയ്തിട്ടുള്ളത്. ട്രസ് വർക്കിൽ അല്ലാതെ റാഫ്റ്ററുകൾ പണിയുന്നതിനും ട്രസ് വർക്കിൽ ഉണ്ടാക്കിയ റാഫ്റ്ററുകൾ സ്ഥാപിച്ച് അതിനു മുകളിൽ പർലിൻ (പട്ടിക) പണിയുന്നതിനും ഈ ഡാറ്റ നൽകിയത് അധിക ചെലവിനു കാരണമായിട്ടുണ്ട്. ട്രസ് വർക്കിൽ അല്ലാതെ സ്ഥാപിച്ച റാഫ്റ്ററുകൾക്കും പർലിനുകൾക്കും ബാധകമായ ഡാറ്റ തയ്യാറാക്കി മൂല്യനിർണ്ണയം നടത്തി അധികം നൽകിയ തുക കണക്കാക്കി കരാറുകാരിൽനിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-19 ഹോമിയോ മരുന്നുകൾ ലഭിച്ചില്ല

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു ലഭ്യമാക്കുന്നതിന് പ്രോജക്ട് നം.18/23-24 പ്രകാരം ഹോംകോ യുടെ ഇൻവോയ്സ് നം. PF 754 / 06/11/23 യുടെ അടിസ്ഥാനത്തിൽ 90000 രൂപ ട്രഷറിബിൽ നം. 18073/11.12.23 പ്രകാരം ഹോംകോ യ്ക്ക് നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിന് മെഡിക്കൽ ഓഫീസർ ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകൾ ലഭിച്ചില്ല. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 അലോപ്പതി മരുന്നുകൾ ലഭിക്കാൻ ശേഷിക്കുന്നു

മല്ലപ്പുഴശ്ശേരി പി.എച്ച്.സി യിലേക്കും, പാലിയേറ്റീവ് പദ്ധതിയുടെ നടത്തിപ്പിനും അവശ്യമരുന്നുകൾ ലഭ്യമാക്കുന്നതിലേക്ക് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്ക് മുൻകൂറായി തുക നൽകിയെങ്കിലും മരുന്നുകൾ പൂർണമായി ലഭിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ , പേര് | ഇൻവോയ്സ് നം. തീയതി | ട്രഷറി ബിൽ നമ്പർ തീയതി | തുക | ലഭിച്ച മരുന്നുകൾ | ലഭിക്കാനുള്ള മരുന്നുകൾ |
|---|---|---|---|---|---|

| | | | | (തുക) | (തുക) |
|---|---|---|---|---|---|
| 37 /23 -24 പി.എച്ച്.സി യിലേക്ക് മരുന്ന വാങ്ങൽ | PRF 764/ 29.03.23 | 59907/29.11.23 | 300000 രൂപ | 0 | 300000 രൂപ |
| 23/23-24 പാലിയേറ്റീവ് കെയർ- മരുന്നുവാങ്ങൽ | PRF2982/ 04.01.24 | 12366/25.03.24 | 293000 രൂപ | 39377 രൂപ | 253623 രൂപ |

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്ന ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-21 അങ്കണവാടി പോഷകാഹാര പദ്ധതി - കേന്ദ്ര വിഹിതത്തിന്റെ വിനിയോഗം ഉറപ്പാക്കണം

2019-20 മുതൽ 2023-24 വരെ അങ്കണവാടി പോഷകാഹര പദ്ധതിക്കായി ലഭിച്ച കേന്ദ്ര വിഹിതത്തിൽ 21.59 ലക്ഷം രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ലഭിച്ച കേന്ദ്ര വിഹിതവും അവയുടെ ചെലവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മുന്നിരിപ്പ് | കേന്ദ്ര വിഹിതം ലഭിച്ചത് | ആകെ | കേന്ദ്ര വിഹിതം ചെലവഴിച്ചത് | ബാലൻസ് |
|---|---|---|---|---|---|
| 2019-20 | 314420 | 480449 | 794869 | 148309 | 646560 |
| 2020-21 | 646560 | 1162985 | 1809545 | 953014 | 856531 |
| 2021-22 | 856531 | 555757 | 1412288 | 300000 | 1112288 |
| 2022-23 | 1112288 | 605138 | 1717426 | 148672 | 1568754 |
| 2023-24 | 1568754 | 675264 | 2244018 | 84583 | 2159435 |

2023-24 വർഷത്തെ ധനകാര്യ പത്രിക പ്രകാരം **21,59,435** രൂപ ഈ ഇനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. തുക ചെലവഴിക്കാതെ ഇപ്രകാരം അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന്റെ കാരണം അന്വേഷിച്ച് ഓഡിറ്റ് എൻകയറി നൽകുകയുണ്ടായി (നം.09/06-09-2024). എൻകയറിക്ക് മറുപടിയായി, അങ്കണവാടി പോഷകാഹാര പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഗ്രാമപഞ്ചായത്തിൽ നിന്നുള്ള വികസന ഫണ്ടിന് പുറമേ ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ലഭിക്കുന്നുണ്ടെന്നും, ഇവ തികയാതെ വരുന്ന സാഹചര്യത്തിൽ മാത്രമേ കേന്ദ്രവിഹിതം വിനിയോഗിക്കേണ്ടി വരുന്നുള്ളുവെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ലഭിക്കുന്ന കേന്ദ്ര വിഹിതത്തിൽ, പോഷകാഹാര പദ്ധതിക്കായി ചെലവഴിച്ചശേഷം മിച്ചമുള്ള തുക അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രയോജനപ്പെടുത്താവുതാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-22 തനത് വരുമാന സമാഹരണം കുറഞ്ഞു- വികസന ഫണ്ടിൽ നിന്നും തുക കുറവ് ചെയ്തു

ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം 2021-22 സാമ്പത്തിക വർഷം സമയബന്ധിതമായി സമാഹരിക്കാതിരുന്നതിനാൽ 2023-24 വർഷം ലഭിക്കേണ്ടിയിരുന്ന ഗ്രാന്റ് തുകയിൽ ആനുപാതികമായ കുറവ് വരുത്തിയിരിക്കുന്നു. 2021-22-ലെ ഡിമാന്റ് തുകകളുടെ 90% പിരിച്ചെടുക്കാതിരുന്നതു മൂലം തൻവർഷം സർക്കാർ 93,540 രൂപ പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും കുറവു ചെയ്തു. നികുതി/നികുതിയേതര വരുമാന സമാഹരണം ഊർജിതമാക്കി വികസന ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 1-23 മുഴുവൻ പൊതു കുടിവെള്ള ടാപ്പുകളും നീക്കം ചെയ്തിട്ടും വാട്ടർ അതോറിറ്റി വെള്ളക്കരം ഡിമാന്റ് ചെയ്യുന്നു

ഗ്രാമപഞ്ചായത്തിലെ മുഴുവൻ പൊതു കുടിവെള്ള ടാപ്പുകളും നീക്കം ചെയ്യുന്നതിന് ഫീസ് അടച്ചിട്ടും വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും അനുഭാവപൂർണ്ണമായ നടപടിയുണ്ടാകുന്നില്ല.

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 21/12/2023-ലെ 23(1) തീരുമാന പ്രകാരം പഞ്ചായത്തിലെ കുടിവെള്ള ടാപ്പുകൾ

പൂർണ്ണമായും വിച്ഛേദിക്കുന്നതിന് 1,94,000 രൂപ വാട്ടർ അതോറിറ്റിയിൽ 29/01/2024-ൽ അടച്ചു. എന്നിട്ടും 2024 സെപ്റ്റംബർ മാസം വരെയും 85 ടാപ്പുകൾക്ക് 14,559 രൂപ നിരക്കിൽ 1,03,126 രൂപ വെള്ളക്കരമായി വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ സെപ്റ്റംബർ മാസത്തെ ബിൽ പ്രകാരം കുടിശ്ശിക 32,01,741 രൂപയാണ്. ഇത് ശരിയായ കണക്ക് അല്ല.

ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള 85 പൊതുടാപ്പുകൾ നീക്കം ചെയ്യുന്ന പ്രവൃത്തി 18-07-2024-ൽ പൂർത്തീകരിച്ചുവെന്നും, ഇനിയും പൊതുടാപ്പുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ പഞ്ചായത്തും വാട്ടർ അതോറിറ്റിയും ചേർന്ന് സംയുക്ത പരിശോധന നടത്തി നിലവിലുള്ള ടാപ്പുകളുടെ എണ്ണം അറിയേണ്ടതുണ്ടെന്നും 07/09/2024-ൽ പത്തനംതിട്ട, വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് മുഖേന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. 2024 ജനുവരിയിൽ തുക അടച്ചിട്ടും ടാപ്പുകൾ വിച്ഛേദിക്കുന്നത് ജൂലൈ മാസത്തിലാണ്. വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം മുഴുവൻ ടാപ്പുകളും വിച്ഛേദിച്ചിട്ടും പിന്നെയും വെള്ളക്കരം ഡിമാന്റ് ചെയ്യുന്നതും ഇത്തരത്തിൽ കത്ത് അയയ്ക്കുന്നതും ശരിയായ നടപടിയല്ല എന്ന ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-24 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ - അവലോകനം

നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാനം ഏറ്റെടുത്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങളായ പാർപ്പിടം, കുടിവെള്ളം, മാലിന്യ സംസ്കരണം, പൊതുജനാരോഗ്യം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടത് ഓരോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും അനിവാര്യ ചുമതലയാണ്. കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 166-ന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യസംസ്കരണം. കേരള പഞ്ചായത്ത് രാജ് ആക്ട്-ലെ സെക്ഷൻ 219(എ) മുതൽ (എസ്) വരെയുള്ള വകുപ്പുകൾ പ്രകാരം മാലിന്യം നിർമാർജനം ചെയ്യുന്നതിൽ പഞ്ചായത്തിന്റെയും, മാലിന്യ ഉൽപ്പാദകരുടെയും ചുമതലകൾ നിർവചിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ശുചിത്വ-മാലിന്യ സംസ്കരണ പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം, തുടർ നിരീക്ഷണങ്ങൾ എന്നിവ ശുചിത്വമിഷന്റെ നേതൃത്വത്തിൽ നടപ്പാക്കിവരികയാണ്. അതാത് പ്രദേശങ്ങളിലെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, കാലാവസ്ഥ, ജനങ്ങളുടെ ജീവിത നിലവാരത്തിന്റെ പ്രത്യേകതകൾ എന്നിവ, മാലിന്യത്തിന്റെ ഇനം , ഉറവിടം, അളവ് എന്നിവ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്. അതുകൊണ്ട് തന്നെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും രൂപപെടുന്ന മാലിന്യത്തിന്റെ ഇനവും തോതും വ്യത്യസ്തമായിരിക്കും. എന്നിരുന്നാലും മാലിന്യമുക്തകേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിന് മാലിന്യ നിർമാർജന ശുചിത്വ പരിപാലന പരിപാടികൾ പ്രാദേശികവും കേന്ദ്രീകൃതവുമായ പദ്ധതികളിലൂടെ സംസ്ഥാനത്താകെ നടപ്പാക്കി വരുന്നുണ്ട്. ശുചിത്വ പരിപാലന പരിപാടികൾ നടത്തുന്നതിൽ മല്ലപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്തും ഹരിതകർമസേനാംഗങ്ങളും ഏറെ പുരോഗതി കൈവരിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ 07.06.2024-ലെ ഡി.കെ.എസ്.എ.471/സി.എ.ആർ.3/2004 നമ്പർ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ '**ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ**' എന്ന വിഷയം പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആയത് പ്രകാരം മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിലെ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ, ഫലപ്രാപ്തി തുടങ്ങിയവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നം.2 തീയതി 05.09.2024) മറുപടി, നേരിട്ടു നൽകിയ വിവരങ്ങൾ, പദ്ധതി രേഖകളുടെ പരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം വിശകലനം ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**i) ഹരിത കർമസേന-അടിസ്ഥാന വിവരങ്ങൾ**




തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.08.2020-ലെ ജി.ഒ.(ആർ.ടി.)നം.1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിത കർമസേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്കരണ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. മാലിന്യത്തെ വരുമാനം ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഹരിത കർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്. ഈ ലക്ഷ്യം മുൻ നിർത്തി മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള ഹരിത കർമ്മസേനയിൽ 22 സേനാംഗങ്ങളാണുള്ളത്. ഹരിതമിത്രം ആപ്ലിക്കേഷൻ, സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ്, ജിയോ ടാഗിംഗ് എന്നിവ മാലിന്യ ശേഖരണത്തിൽ വിവര സാങ്കേതിക വിദ്യയുടെ വിന്യാസവും സാധ്യമാക്കിയിട്ടുണ്ട്. വീടുകളിൽ നിന്ന് 50 രൂപ, സ്ഥാപനങ്ങളിൽ നിന്നും 100 രൂപ എന്ന സർക്കാർ നിശ്ചയിച്ച നിരക്കിൽ യൂസർ ഫീ ഈടാക്കിയാണ് വീടുകളിൽ നിന്നും, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നത്.

| | |
|---|---|
| ആകെ ജനസംഖ്യ | 11784 |
| ആകെ വാർഡുകളുടെ എണ്ണം | 13 |
| ആൾതാമസമുള്ള വീടുകളുടെ എണ്ണം | 3083 |
| സ്ഥാപനങ്ങളുടെ എണ്ണം | 271 |
| ഹരിതകർമസേന അംഗങ്ങളുടെ എണ്ണം | 22 |

എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഹരിതകർമസേനയുടെ സേവനം ലഭ്യമാക്കുന്നുണ്ട്.

**2) മാലിന്യശേഖരണത്തിലെ കാര്യക്ഷമത**

മാലിന്യ ശേഖരണത്തിനായി പാഴ്വസ്തു ശേഖരണ കലണ്ടർ ചുവടെ ചേർക്കുംവിധം തയ്യാറാക്കിയിട്ടുണ്ട്.

| മാസം | ശേഖരിക്കുന്ന മാലിന്യം |
|---|---|
| ജനുവരി | ഇ- വേസ്റ്റ് |
| ഫെബ്രുവരി | തുണി മാലിന്യങ്ങൾ |
| മാർച്ച് | അപത്കരമായ ഇ-മാലിന്യങ്ങൾ |
| ഏപ്രിൽ | ചെരിപ്പ്, ബാഗ്, തെർമോകോൾ, തുകൽ, കാർപെറ്റ്, അപ്ഹോൾസ്റ്ററി വേസ്റ്റ് |
| മെയ് | കുപ്പി, ചില്ല മാലിന്യങ്ങൾ |
| ജൂൺ | ഉപയോഗശൂന്യമായ വാഹന ടയർ |
| ജൂലൈ | ഇ-വേസ്റ്റ് |
| ഓഗസ്റ്റ് | പോളി എത്തിനൈൽ പ്രിന്റിംഗ് ഷീറ്റ്, സ്റ്റാപ്പ് ഇനങ്ങൾ |
| സെപ്റ്റംബർ | മരുന്ന് സ്ട്രിപ്പ് |
| ഒക്ടോബർ | അപത്കരമായ ഇ-മാലിന്യങ്ങൾ |
| നവംബർ | ചെരിപ്പ് ബാഗ് തെർമോകോൾ തുകൽ, കാർപെറ്റ്, അപ്ഹോൾസ്റ്ററി വേസ്റ്റ് |
| ഡിസംബർ | കുപ്പി, ചില്ല മാലിന്യങ്ങൾ |

കലണ്ടർ അടിസ്ഥാനപ്പെടുത്തിയുള്ള മാലിന്യ ശേഖരണം പ്രായോഗികമാക്കാൻ കഴിഞ്ഞിട്ടില്ല . എന്നിരുന്നാലും എല്ലാ ഇനം മാലിന്യങ്ങളും ശേഖരിക്കുന്നുണ്ട്. ഓരോ ഭവനത്തെയും സ്ഥാപനത്തെയും ഇതിൽ പങ്കാളിയാക്കാൻ കെൽട്രോൺ സഹായത്തോടെ 3083 വീടുകളിലും 271 സ്ഥാപനങ്ങളിലും QR കോഡ് പതിപ്പിച്ച് മാലിന്യ ശേഖരണത്തിന്റെ പുരോഗതി മൊബൈൽ ആപ്പ് വഴി വിലയിരുത്തുന്നു. സർട്ടിഫിക്കറ്റുകളുടെ ആവശ്യത്തിനായി യൂസർഫീ കാർഡ് നിർബന്ധമാക്കുന്നത് പ്രായോഗികമാക്കേണ്ടതുണ്ട്. നിലവിൽ എല്ലാമാസവും 20-ാം തീയതിയ്ക്കും , 30 -ാം തീയതിയ്ക്കും

ഇടയിൽ ഹരിതകർമസേന മാലിന്യങ്ങൾ ശേഖരിക്കുകയും മിനി എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി ) സെന്ററുകളിലും തുടർന്ന് 10 -ാം വാർഡിലെ കഴിക്കാല മാർക്കറ്റിൽ ഒരുക്കിയിരിക്കുന്ന എം.സി.എഫ് ലും എത്തിക്കുന്നു. മാലിന്യം നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിന് സ്വന്തമായി വാഹനമില്ല. പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി വാടകക്ക് വാഹനമെടുത്താണ് പ്രവർത്തനം നടത്തുന്നത്. എം.സി.എഫ് ലെത്തിക്കുന്ന മാലിന്യങ്ങൾ സേനാംഗങ്ങൾ തന്നെ വേർതിരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുന്നു. പുന:ചംക്രമണം സാധ്യമായ വസ്തുക്കൾക്ക് അളവിനനുസരിച്ച് ക്ലീൻ കേരള കമ്പനി പ്രതിഫലം നൽകുന്നുണ്ട്. എന്നാൽ പുന:ചംക്രമണം സാധ്യമല്ലാത്ത പാഴ്വസ്തുക്കൾ നീക്കം ചെയ്യുന്നതിന് കിലോയ്ക്ക് 10 രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനിയ്ക്ക് ഗ്രാമ പഞ്ചായത്ത് നൽകുന്നു.

ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനുതകുന്ന പ്രത്യേക നിയമാവലി രൂപീകരിച്ചിട്ടില്ല. ബൈലോ രൂപീകരിക്കുന്നത് ഉചിതമായിരിക്കും.

**3)മാലിന്യം വേർതിരിക്കൽ**

ഉറവിടത്തിൽ സംസ്കരിക്കാൻ കഴിയുന്ന മാലിന്യങ്ങൾ ഹരിതകർമ്മസേന ശേഖരിക്കുന്നില്ല. എന്നാൽ പഞ്ചായത്ത് തലത്തിൽ വാർഷിക പദ്ധതിയിലൂടെ ബയോ ബിന്നുകൾ വിതരണം ചെയ്ത് ഉറവിട മാലിന്യ സംസ്കരണത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ചു ലഭിക്കുന്നത് കുറവാണ്. സേനാംഗങ്ങൾ MCF ൽ വച്ച് സെഗ്രിഗേഷൻ (വേർതിരിക്കൽ ) നടത്തുന്നു. ഇതിനായി സെഗ്രിഗേഷൻ ടേബിൾ ഒരുക്കിയിട്ടുണ്ട്.

**4)റീസൈക്ലിംഗ്**

വഴിയോരങ്ങളിൽ ബിന്നുകൾ ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ച് അവയിൽ നിന്നും ലഭിക്കുന്ന മാലിന്യം MCFൽ എത്തിച്ച് സെഗ്രിഗേറ്റ് ചെയ്ത് പ്രോസസ് ചെയ്യുന്ന രീതി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. റീസൈക്ലിംഗ് പ്രോസസ് നടപ്പാക്കുന്നില്ല. അടുത്തവർഷം മുതൽ റീസൈക്ലിംഗ് പ്രോസസ് നടത്തുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

**5)കമ്മ്യൂണിറ്റി എൻഗേജ്മെന്റ്**

കുടുംബശ്രീ എ.ഡി.എസ് അംഗങ്ങൾ, ആശവർക്കർമാർ ,വാർഡു മെമ്പർമാർ എന്നിവരുമായി ബന്ധപ്പെട്ടാണ് മാലിന്യസംസ്കരണ പരിപാലന പ്രവർത്തനങ്ങൾ നിലവിൽ നടന്നു വരുന്നത്. കഴിക്കാല സി.എം.എസ് ഹയർസെക്കന്ററി സ്കൂളിലെ നാഷണൽ സർവീസ് സ്കീം (എൻ.എസ്.എസ്) കുട്ടികൾ ഹരിതകർമസേനാംഗങ്ങളോടൊപ്പം മാലിന്യശേഖരണത്തിൽ പങ്കെടുത്തുകൊണ്ടും, എം.സി.എഫ് പരിസരം വൃത്തിയാക്കുന്നതിൽ ഏർപ്പെട്ടുകൊണ്ടും സേനാംഗങ്ങൾക്ക് പിന്തുണ നൽകിയിട്ടുണ്ട്. മാലിന്യ സംസ്കരണ രീതികളെ കുറിച്ച് പൊതുജനങ്ങളെ ബോധവൽകരിക്കുന്നതിനായി ഹരിതസേനാംഗങ്ങൾ വഴി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും "മാലിന്യസംസ്കരണം : കേരള പഞ്ചായത്ത് രാജ് നിയമത്തിലെ പുതിയ നിയമ ഭേദഗതികൾ " എന്ന വിഷയം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നോട്ടീസ് വിതരണം ചെയ്തിട്ടുണ്ട്. “എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം” എന്ന മുദ്രാവാക്യം ജനങ്ങളിൽ മാലിന്യ സംസ്കരണത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നതിൽ ഏറെ സഹായകരമായിട്ടുണ്ട്.




6) **തൊഴിൽ സൃഷ്ടിക്കൽ**

22 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേനയാണ് ഗ്രാമപഞ്ചായത്തിനുള്ളത്. അഞ്ച് പേർക്ക് പതിനായിരം ഇരുപതിനായിരം വരെ രൂപയും മറ്റുള്ളവർക്ക് അയ്യായിരത്തിനും ,പതിനായിരത്തിനും ഇടയിലും വരുമാനം ഉറപ്പാക്കിയിട്ടുണ്ട്. എന്നാൽ വരുമാന വർദ്ധനവിനായി പ്രത്യേക നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. ഹരിത കർമസേനയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായുള്ള ഹരിതകർമ കൺസോർഷ്യത്തിന്റെ പേരിൽ ഫെഡറൽ ബാങ്കിന്റെ കഴിക്കാല ശാഖയിലുള്ള അക്കൗണ്ടിലൂടെ (നം. 12110200002684) സാമ്പത്തിക ഇടപാടുകൾ നടത്തുന്നു.

2023-24 സാമ്പത്തിക വർഷം ഒരുമാസം ശരാശരി 85000 രൂപ യൂസർഫീ ഇനത്തിൽ വരുമാനം ലഭിച്ചിട്ടുണ്ട്. നിലവിൽ ഒരു ലക്ഷത്തിലധികം രൂപയായി വരുമാനം വർദ്ധിച്ചിട്ടുണ്ട്.

അംഗങ്ങളുടെ വരുമാന വർദ്ധനവിനും ജീവിത നിലവാരം ഉയരുന്നതിനും സർവോപരി സ്ത്രീ ശാക്തീകരണത്തിനും ഹരിതകർസേനയുടെ പ്രവർത്തനങ്ങൾ സഹായകരമായിട്ടുണ്ട്.

**7) അടിസ്ഥാന സൗകര്യ വികസനം**



എല്ലാ വാർഡുകളിലും മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. മെയിൻ എം.സി.എഫ് ൽ വേയിങ്ങ് (Weighing) മെഷീൻ മാത്രമേ നിലവിൽ സ്ഥാപിച്ചിട്ടുള്ളൂ ബേലിങ്ങ് (Baling) മെഷീൻ വാങ്ങുന്നതുമായി ബന്ധപ്പെട്ടുള്ള പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും, അടിസ്ഥാന സൗകര്യങ്ങളുള്ളതുമായ കെട്ടിടത്തിലാണ് എം.സി.എഫ് പ്രവർത്തിക്കുന്നത്. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി മിനി എം.സി.എഫിൽ നിന്നും മെയിൻ എം.സി.എഫിലേക്ക് പാഴ്വസ്തുക്കൾ നീക്കം ചെയ്യുന്നതിന് വാഹനം വാടകയ്ക്ക് എടുത്തിട്ടുണ്ട്. ഹരിതകർമസേന അംഗങ്ങളിൽ ഒരാൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകിയിട്ടുണ്ട്. എന്നാൽ ഹരിത കർമ്മ സേന പ്രവർത്തകർക്ക് ആവശ്യമായ ഓഫീസ് സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടില്ല.

**8) പാരിസ്ഥിതിക ആഘാതം**

നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ ഉപയോഗം തടയുന്നതിന് മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശസ്ഥാപനതലത്തിൽ വിജിലൻസ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ 24/07/23 ലെ WM3/173/2022/LSGD സർക്കുലർ കമ്മറ്റി ചർച്ച ചെയ്യുകയും ആയതിൻ പ്രകാരം ഹെൽത്ത് ഇൻസ്പെക്ടർ, വി.ഇ.ഒ, കുടുംബശ്രീ ഗ്രീൻ അംബാസിഡർ, സന്നദ്ധ പ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ, എൻ.എസ്.എസ്/എൻ.സി.സി വോളന്റീയേഴ്സ് എന്നിവർ ഉൾപ്പെട്ട വിജിലൻസ് കമ്മിറ്റി രൂപീകരിക്കുകയും മാസത്തിൽ രണ്ടു തവണ ഗ്രാമ പഞ്ചായത്തിലെ കടകളിലും സ്ഥാപനങ്ങളിലും പരിശോധന നടത്തുകയും ചെയ്തു വരുന്നു. പരിശോധനാ ഫലമായി 30000 രൂപ ഫൈൻ ഈടാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മാലിന്യം മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങളിൽ പരാതികൾ ലഭിച്ചതായി വിവരമില്ല. അനധികൃത മാലിന്യ നിക്ഷേപം തടയുന്നതിന് സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കേണ്ടതാണ്.

**9) പരിശീലനവും വികസനവും**

മാലിന്യ സംസ്കരണത്തിൽ ഹരിതകർമസേനാംഗങ്ങളുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കുന്നതിനും ബ്ലോക്ക്തലത്തിൽ കിലയുടെ നേതൃത്വത്തിൽ പരിശീലനം നൽകിയിട്ടുണ്ട്.

**10) നിയമങ്ങൾ പാലിക്കൽ**

മാലിന്യ സംസ്കരണ ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ നടത്തുന്നത്.

**11) ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം**

എല്ലാ മാസവും ഹരിത സേന അവലോകന യോഗം വിളിച്ചു ചേർക്കാറുണ്ട്. പ്രവർത്തനം കാര്യക്ഷമമാക്കാൻ ഹരിതമിത്രം ആപ്ലിക്കേഷൻ സംബന്ധിച്ച് സേനാംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനും 100% വീടുകളിലും കടകളിലും QR കോഡ് പതിപ്പിച്ച് സേവനം കൊടുക്കുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ നിയമങ്ങളെയും ചട്ടങ്ങളെയും കുറിച്ചുള്ള നോട്ടീസ് എല്ലാ വീടുകളിലും നൽകിയിട്ടുണ്ട്.

മാലിന്യം തരംതിരിക്കുന്നവേളയിൽ സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഗ്ലൗസ്, മാസ്ക്, ബൂട്ട് എന്നിവ

നൽകിയിട്ടുണ്ട്. ജോലി സമയത്ത് ധരിക്കുന്നതിന് യൂണിഫോം നൽകുന്നുണ്ട്. കൂടാതെ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുവാൻ പരിശീലനവും നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കാൻ ഹരിതകർമ്മസേനയുടെ പ്രവർത്തനം വലിയ സഹായമാണ്. ഗ്രാമീണ മേഖലയെ മാലിന്യമുക്തമാക്കുന്നതിനും ശുചിത്വത്തിന്റെ പ്രാധാന്യം പൊതുജന ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ഹരിത കർമ്മസേനയുടെ പ്രവർത്തനം വഴി സാധിക്കുമെന്നും ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്തിലെ എല്ലാ പൗരൻമാരും മാലിന്യസംസ്കരണത്തിൽ പങ്കാളികളായെങ്കിൽ മാത്രമേ പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്ന ലക്ഷ്യം നേടാൻ സാധിക്കുകയുള്ളൂ. അലക്ഷ്യമായി മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നവർക്കെതിരെയുള്ള ശിക്ഷണനടപടികൾ കാര്യക്ഷമമാക്കണം. പഞ്ചായത്ത് പ്രദേശത്തെ ആകമാനം മാലിന്യമുക്തമാക്കുന്നതിന് ഹരിത കർമ്മസേനയെ കൂടുതൽ സജ്ജരാക്കുന്നതിനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

**12) മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) / റിസോഴ്സ് റിക്കവറി ഫെസിലിറ്റി(RRF)**

**A) അടിസ്ഥാന വിവരങ്ങൾ**

ഗ്രാമപഞ്ചായത്തിൽ അടിസ്ഥാന സൗകര്യങ്ങളുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.) ഉണ്ട്. ശുചിമുറി നിർമാണം പുരോഗമിക്കുന്നു. റോഡ് സൗകര്യമുള്ള പ്രദേശമായ കഴിക്കാല വെസ്റ്റിലാണ് MCF സ്ഥിതി ചെയ്യുന്നത്. ടിപ്പിംഗ് ഏരിയ, സ്റ്റോറേജ് ഏരിയ, സോർട്ടിംഗ് ഏരിയ എന്നിവയോടു കൂടിയ 2000 ചതുരശ്ര അടിയിൽ താഴെ വിസ്തൃതിയുള്ള ഒരു കെട്ടിടത്തിന്റെ ഒന്നാം നിലയിലാണ് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, കുപ്പികൾ, കുപ്പിച്ചില്ലുകൾ, ഇ-മാലിന്യം എന്നിവ സംഭരിച്ച് തരംതിരിക്കുന്നത്. വെയിങ്ങ് മെഷീൻ സജ്ജമാക്കിയിട്ടുണ്ട്. നിലവിൽ സാമൂഹിക പ്രശ്നങ്ങളില്ല. ഹരിതകർമ്മസേനാ കൺസോർഷ്യത്തിന്റെ ഓഫീസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രത്യേക സൗകര്യം അനുവദിച്ച് നൽകിയിട്ടില്ല.

**B) മാലിന്യ കൈമാറ്റ കാര്യക്ഷമത**

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ മിനി എം.സി.എഫ് ൽ എത്തിക്കുന്നു. അവിടെ നിന്നും മെയിൻ എം.സി.എഫ് ലേക്ക് സമയബന്ധിതമായി നീക്കം ചെയ്യുന്നു. മൂല്യമുള്ളത്, റിജക്ടഡ് വേസ്റ്റ് എന്നിങ്ങനെ സെഗ്രിഗേറ്റ് ചെയ്ത് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുന്നു. എല്ലാ മാസങ്ങളിലും മാലിന്യം നീക്കം ചെയ്യുന്നതിന് മുമ്പും, ശേഷവും ജിയോ ടാഗ് ചെയ്ത് മാലിന്യ നീക്കത്തിന്റെ പുരോഗതി മോണിട്ടറിംഗ് ചെയ്യുന്നുണ്ട്.



**C) മാലിന്യ സംഭരണ ശേഷി**

എം.സി.എഫിന് ആവശ്യത്തിനുതകുന്ന വിസ്തൃതിയുണ്ട്. ആകെ വിസ്തൃതിയിൽ ടിപ്പിംഗ് ഏരിയ 40% സ്റ്റോറേജ് ഏരിയ 20%, സോർട്ടിംഗ് ഏരിയ 20% അന്തിമ സംഭരണ ഏരിയ 20 % എന്നിങ്ങനെയാണ്. ശേഖരിച്ച മാലിന്യങ്ങൾ 30 ദിവസത്തോളം അന്തിമമായി സൂക്ഷിക്കുന്നു.

**D) മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

പാഴ്വസ്തു സംഭരണകേന്ദ്രങ്ങളിൽ തീപിടുത്തം ഉൾപ്പെടെയുള്ള അപകടം ഒഴിവാക്കുന്നതിന് പഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ 02.02.22 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.ഡബ്ല്യു.എം. 1/40/2022/ ത.സ്വ.ഭ.വ സർക്കുലർ പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്. തീപിടുത്തം തടയുന്നതിന് 2 അഗ്നി സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. വയറിംഗ് പൂർണമാണ്. ഫസ്റ്റ് എയ്ഡിനുള്ള അത്യാവശ്യ സാധനങ്ങളും മരുന്നുകളും സൂക്ഷിച്ചിട്ടുണ്ട്. ഫയർ ആന്റ് റസ്ക്യൂ വകുപ്പ് ഫയർ ഓഡിറ്റ് നടത്തിയതിനു ശേഷം എം.സി.എഫ് ന രണ്ട് വാതിലുകൾ വയ്ക്കേണ്ടതാണെന്നും, മുകളിലത്തെ നിലയിലേക്ക് ഒരു സ്റ്റെയർകേസ് കൂടി നിർമിക്കുന്നതിനും നിർദേശിച്ചിട്ടുണ്ട്. ടി നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

**13) ശുചിത്വ മാനദണ്ഡങ്ങൾ**

മിനി എം.സി.എഫ് കൾ , മെയിൻ എം.സി.എഫ് എന്നിവയുടെ പരിസരം ഹരിത കർമ്മ സേനാംഗങ്ങൾ വൃത്തിയായി പരിപാലിക്കുന്നുണ്ട്. മാലിന്യം തരംതിരിക്കുന്നവേളയിൽ സേനാംഗങ്ങളുടെ സുരക്ഷയോടൊപ്പം ശുചിത്വവും ഉറപ്പുവരുത്തുന്നതിനായി ഗ്ലൗസ്, മാസ്ക്, ബൂട്ട് എന്നിവ നൽകിയിട്ടുണ്ട്.

**14) മാലിന്യം ക്ലീൻ കേരളയ്ക്ക് കൈമാറുന്നതിലെ കാര്യക്ഷമത**

ശുചിത്വ പരിപാലനം ഉറപ്പാക്കുന്നതിൽ ഹരിതകർമ്മ സേനയുടെ സേവനം പൊതുവെ തൃപ്തികരമാണ്. സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും, വിപണനം ചെയ്യുന്നതിനും, ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് സേനാംഗങ്ങൾ ശേഖരിക്കുന്ന മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകി വരുന്നുണ്ട്. ക്ലീൻ കേരള കമ്പനിക്ക് ലെഗസി വേസ്റ്റ് കൈമാറിയ വകയിൽ 29616 രൂപ 2023-24 വർഷം നൽകിയിട്ടുണ്ട്.

**ഹരിത കർമ്മസേനാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള ശിപാർശകൾ**

പരിസ്ഥിതി സംരക്ഷണത്തിലൂടെ സുസ്ഥിര വികസനത്തിലെത്തുന്നതിന് ഹരിതകർമ്മ സേന അവിഭാജ്യഘടകമാണ്. ഹരിതകർമ്മ സേനയുടെ ക്ഷമത ഉയർത്തി പ്രവർത്തനം കുറ്റമറ്റതാകാൻ സഹായിക്കുന്ന ഏതാനും ഓഡിറ്റ് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- പ്രവർത്തന കലണ്ടർ അനുസരിച്ച് വിവിധ മാലിന്യങ്ങളുടെ ശേഖരണം കർശനമാക്കി ഗാർഹിക-വാണിജ്യ സ്ഥാപനങ്ങളിൽ അവ കെട്ടിക്കിടക്കുന്നുണ്ടെങ്കിൽ ആയത് ഒഴിവാക്കാവുന്നതാണ്.
- പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ (MCF, RRF) തീപിടിത്തം ഉൾപ്പടെയുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (സർക്കുലർ നം. ഡബ്ല്യു.എം.1/40/2022/തസ്വഭവ, തീ. 02.02.2022) കർശനമായും പാലിക്കേണ്ടതാണ്.
- വഴിയോരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ, ബോട്ടിൽ ബൂത്തുകൾ, ജലസ്രോതസ്സുകൾ മുതലായ സ്ഥലങ്ങളിൽ നിന്നും ലഭിക്കുന്ന മാലിന്യം MCFൽ എത്തിച്ച് സെഗ്രിഗേറ്റ് ചെയ്ത് പ്രോസസ് ചെയ്യുന്ന രീതി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കാവുന്നതും ഇതിനായി ആവശ്യത്തിന് ബോട്ടിൽ ബൂത്തുകൾ, ബിന്നുകൾ എന്നിവ വാർഡ് തലങ്ങളിൽ സ്ഥാപിക്കാവുന്നതുമാണ്.
- മിനി എം.സി.എഫുകളുടെ വിസ്തൃതി വർദ്ധിപ്പിച്ചുകൊണ്ടോ, ഒരു വാർഡിൽ രണ്ട് പ്രദേശങ്ങളിലായി രണ്ട് മിനി എംസിഎഫ് കൾ സ്ഥാപിച്ചു കൊണ്ടോ മിനി എം.സി.എഫുകളുടെ സ്ഥലസൗകര്യ കുറവിന് പരിഹാരം കാണാവുന്നതാണ്. മെയിൻ എം.സി.എഫിൽ ബേലിംഗ് മെഷീൻ സ്ഥാപിക്കേണ്ടതാണ്.
- ഹരിതകർമസേനാ വരവ് ചെലവ് കണക്കുകളും പ്രവർത്തനങ്ങളും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ഹരിതകർമ്മസേനാ കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ബൈലോ തയ്യാറാക്കാവുന്നതും, പ്രത്യേക ഓഫീസ് സൗകര്യം അനുവദിക്കേണ്ടതുമാണ്.
- പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.
- മാലിന്യ സംസ്കരണത്തെ പ്രോൽസാഹിപ്പിക്കുന്നവർക്ക് പാരിതോഷികങ്ങൾ നൽകാവുന്നതാണ്.
- ഹരിത കർമ്മസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പു വരുത്താവുന്നതാണ്.
- വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഹരിതകർമ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.
- ഹരിത കർമ്മസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ, ഉദാഹരണത്തിന് കൂടുതൽ വരുമാനം ലഭിക്കുന്ന വിധത്തിൽ ഇക്കോ ഷോപ്പ്, ആരംഭിച്ച് ജൈവവളം ഉൾപ്പെടെ നിർമ്മിച്ച് വിപണനം ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഇതിനായി പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതും ധനസഹായം നൽകാവുന്നതുമാണ്.
- കേന്ദ്ര സർക്കാറിന്റെ വനം, പരിസ്ഥിതി, കാലാവസ്ഥ വ്യതിയാന മന്ത്രാലയം പരിസ്ഥിതി സംരക്ഷണ നിയമങ്ങളുടെ ഭാഗമായി പുറപ്പെടുവിച്ച ഇ-മാലിന്യ പരിപാലന ചട്ടം 2016 അനുസരിച്ച് ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് വിഭാഗത്തിൽ ഉൾപ്പെടുന്ന വസ്തുക്കൾ ഉപയോഗശേഷം പ്രവർത്തന രഹിതമാകുമ്പോൾ ഉത്പാദകർ തന്നെ ഉപഭോക്താക്കളിൽ നിന്നും അവ സംഭരിക്കുന്നതിന് ക്രമീകരണമൊരുക്കി കൈമാറുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ പ്രവർത്തനം ഗ്രാമപഞ്ചായത്ത് തലത്തിൽ നടക്കുന്നതിന് ക്രമീകരണം ഏർപ്പെടുത്തണം.
- ആരാധനാലയങ്ങൾ, ഓഡിറ്റോറിയങ്ങൾ എന്നിവ കൂടി ഹരിത കർമ്മസേനയുടെ പരിധിയിൽ കൊണ്ടുവരേണ്ടതും

മതിയായ യൂസർ ഫീ ഈടാക്കേണ്ടതുമാണ്.

നിലവിലുള്ള പരിമിതികൾക്കുള്ളിലും മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേന മുഖേനയുള്ള മാലിന്യ ശേഖരണ സംസ്കരണ പ്രവർത്തനങ്ങൾ മാലിന്യ മുക്ത കേരളം എന്ന ലക്ഷ്യം നേടുന്നതിന് സഹായകമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (പ്രോജക്ട് നം.) | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2,80,000 | ലൈഫ് ഭവന പദ്ധതി (S0028/24) | 2,80,000 | ഇല്ല |
| ,, | 1,13,730 | അന്നപൂരക പോഷകാഹാര പദ്ധതി (S0050/24) | 1,13,730 | ,, |
| ,, | 56,400 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S0052/24) | 56,400 | ,, |
| ,, | 1,29,427 | വന്യമൃഗശല്യത്തിനെതിരെ വേലി നിർമ്മാണം (S0059/24) | 1,29,427 | ,, |
| ,, | 82,274 | വന്യമൃഗശല്യത്തിനെതിരെ വേലി നിർമ്മാണം (S0134/24) | 82,274 | ,, |
| ,, | 2,49,159 | നെൽകൃഷി വികസനം (S0057/24) | 2,49,159 | ,, |
| ,, | 5,20,000 | ലൈഫ് ഭവന പദ്ധതി (S0032/24) | 5,20,000 | ,, |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 44,022 | വന്യമൃഗശല്യത്തിനെതിരെ വേലി നിർമ്മാണം (S0059/24) | 44,022 | ,, |
| ,, | 73,050 | വന്യമൃഗശല്യത്തിനെതിരെ വേലി നിർമ്മാണം (S0134/24) | 73,050 | ,, |
| ,, | 1,22,856 | നെൽകൃഷി വികസനം (S0057/24) | 1,22,856 | ,, |
| ,, | 1,00,000 | സാന്ത്വന പരിചരണം (S0023/24) | 1,00,000 | ,, |
| ,, | 15,50,000 | ലൈഫ് ഭവന പദ്ധതി (S0028/24) | 15,50,000 | ,, |

| | | | | |
|---|---|---|---|---|
| ,, | 1,43,478 | അന്നപൂരക പോഷകാഹാര പദ്ധതി (S0050/24) | 1,43,478 | ,, |
| ,, | 1,83,500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S0052/24) | 1,83,500 | ,, |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപ പ്രപൃത്തികൾക്കായി തുകയൊന്നു ചെലവഴിച്ചിട്ടില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | വായ്പ തുക | തൻവർഷം ലഭിച്ച തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 12,41,396 | 46,40,000 | (-)5,77,848 | 8,80,656 | -- | 31,81,496 |

മുൻവർഷങ്ങളിൽ അനുവദിച്ച വായ്പയിലും അധികമായി തുക തിരികെ പിടിച്ചതിനാൽ മുന്നിരിപ്പ് (-) ആയി രേഖപ്പെടുത്തിയിട്ടുള്ളത്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2014-15 | 2-5, 2-6 | 2016-17 (അദ്ധ്യായം-2) | തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-4, 2-5 | 2016-17 (അദ്ധ്യായം-2) | തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് | പരാമർശം നിലനിൽക്കുന്നു |
| 2019-20 | 1-12 | 2021-22 അനുബന്ധം-1 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തു നികുതി നിർണ്ണയം നടത്തി | നികുതി പുനർനിർണ്ണയിച്ച് കെട്ടിട ഉടമകൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 2021-22 | 1-22 | 2 അദ്ധ്യായം-1 1-9 | ടേക്ക്-എ-ബ്രേക്ക് പദ്ധതിയുടെ നിർമ്മാണം പാതി വഴിയിൽ നിലച്ചു | നിലവിൽ സിവിൽ പ്രവൃത്തികൾ പൂർത്തീകിരിച്ചു. പ്രവർത്തനം |

| | | | | |
|---|---|---|---|---|
| | | | | ആരംഭിച്ചിട്ടില്ല. |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 34914857 | 134233092 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 25150614 | 141398336 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | ഇല്ല | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | | |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**തടസ്സപ്പെടുത്തിയ തുക**

ഇല്ല

**സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച അവസാനത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1999-00 | എൽ.എഫ്.പിറ്റിഎ.പി2/299/2001 തീയതി 14.06.2001 | 1 (50) |
| 2001-02 (ചെലവ്) | എൽ.എഫ്.പിറ്റിഎ.പി3/509/2005 തീയതി 14.10.2005 | 2 (2-4, 2-9) |
| 2001-02 (ജ.ആ) | എൽ.എഫ്.പിറ്റിഎ.പി3/1491/2003 തീയതി 28.01.2003 | 2 (2, 9) |
| 2004-05 | എൽ.എഫ്.പിറ്റിഎ.പി11/550/2009 | 3-6 (1, 2) |

| | | |
|---|---|---|
| | തീയതി 31.12.2009 | |
| 2005-06 | എൽ.എഫ്.പിറ്റിഎ.പി11/74/2010<br>തീയതി 10.05.2010 | 3-2 |
| 2013-14 | എൽ.എഫ്.പിറ്റിഎ.പി5/337/2015<br>തീയതി 12.06.2015 | 3-5(3),<br>3-9 |
| 2014-15 | കെഎസ്എ.പിറ്റിഎ.പി5/734/2016<br>തീയതി 16.07.2016 | 7(2-5, 2-6, 3-7, 3-9, 3-10, 3-11, 3-13) |
| 2015-16 | കെഎസ്എ.പിറ്റിഎ-പി5/1451/2016<br>തീയതി 16.01.2017 | 5 (2-4, 2-5, 3-6, 3-8, 3-21) |
| 2016-17 | കെഎസ്എ.പിറ്റിഎ-പി9/1071/2017<br>തീയതി 13.09.2017 | 1 (3-3) |
| 2017-18 | കെഎസ്എ.പിറ്റിഎ-പി7/1562/2018<br>തീയതി 13.09.2018 | 3 (3-2,3-4,3-5) |
| 2018-19 | കെഎസ്എ.പിറ്റിഎ-പി5/1005/2019<br>തീയതി 05.12.2019 | 6 (1-12, 1-14, 1-16, 1-18, 1-19, 1-22) |
| 2019-20 | കെഎസ്എ.പിറ്റിഎ-പി5/277/2021<br>തീയതി 23.04.2021 | 11(1-11, 1-12, 1-13, 1-15, 1-19, 1-20, 1-21, 1-22, 4-1, 4-2, 4-10) |
| 2020-21 | കെഎസ്എ.പിറ്റിഎ-പി5.343/2022<br>തീയതി 5.5.22 | 11(1-11, 1-13, 1-14, 1-16(1), (2), 1-17(a), 1-19, 1-20, 1-22, 1-25, 1-26, 1-30) |
| 2021-22 | കെഎസ്എ.പിറ്റിഎ-പി5/1202/2022<br>തീയതി 06-12-2022 | മുഴുവൻ ഖണ്ഡികകളും |
| 2022-23 | കെഎസ്എ.പിറ്റിഎ-പി5/962/2023<br>തീയതി 16-10-2023 | മുഴുവൻ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 31-05-2024 and submitted on 20-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the MALLAPPUZHASSERY Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of MALLAPPUZHASSERY Grama Panchayat as on 31-03-2024

**Date:** 07/10/2024

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of MALLAPPUZHASSERY Grama Panchayat for the Year 2023-2024 .

**1.Major Observations**

The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

**2.Other Observations**

1. Cash Flow Statement-Net increase in cash flow does not match with the difference between opening balance

and closing balance of cash and cash equivalents.

2. Lapses in making timely and accurate demand entries in respect of tax and non tax revenue.

3. Lapsed deposits have not been forfeited and transferred to the revenue head concerned.

4. Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items.

5. Schedule B-18: Amount deposited in various implementing agencies for deposit works is not accurate and reliable for audit.

6. Beneficiary Contribution- The balance amount has not been adjusted or refunded to the implementing officers.

7. Schedule B-9: Other Liabilities- Pension Contribution Payable (350110104)-Pension contribution for the month of February-2024 Rs. 47985 paid in the month of April. But the amount is not booked as Payable.

8. Schedule B-9: Other Liabilities-Service Tax Payable- Rs. 292 is wrongly booked and not reliable for audit.

9. Schedule B-17: Cash & Bank Balance-Bank A/c of National Health Mission- Rs. 236447 is wrongly incorporated in the Final Accounts.

10. The amount transferred to Capital Contribution is incorrect and not reliable for audit.

11. Schedule I-I: Surcharge On Property Tax wrongly incorporated under revenue Head.

12. Schedule B-15: The amount shown as receivable for surcharge on property tax-Rs. 4,008 is wrogly booked and does not exist.

13. Amount spent on various items described below were not booked under the heading reflecting the purpose of expenditure. Due to this, many items which should have been included in the asset head were wrongly included in the revenue head.

| Sl No. | Details of Expenditure | Amount (Rs.) | Heads under which expenses are booked |
|---|---|---|---|
| 1 | Schedule I-14(A): Construction of Toilets for Schools (Asset) | 7,50,000 | 251100312- Girl Friendly Toilets in Govt. Schools (Revenue) |
| 2 | Schedule B-11(c): Construction of ICDP Sub-centre (Project No. 136/24) | 2,29,665 | Out of this Rs.100000 was booked under the head 413120003 (Animal Husbandry Infrastructure- ICDP Subcentre) and Rs.129665 under the head 415120102 (Other Building) |
| 3 | Schedule B-11(e): Donation for District Planning Committee Building Construction (Project No. 65/24) (Revenue-Donations And Contributions As Per Govt. Order) | 2,10,259 | 415120102-Other Building |

| | | | |
|---|---|---|---|
| 4 | Schedule B-11(e): Establishment of Sanitation Board (Sanitaion Expense) | 34,450 | 415120005-Sanitation Facilities |
| 5 | Schedule B-11(e): Purchase of uniforms and safety equipment for Haritha Karma Sena (Sanitaion Expense) | 13,20<br>13,400 | 415120105-Other Building-Sanitation Facilities |
| 6 | Schedule I-11: Pre Monsoon Campaign Committee Refreshment Charges (Sanitaion/Refreshment Charges) | 1,30,000<br>6,244 | 220110199-Other Office Maintenance |
| 7 | Schedule I-11: Homeo Dispensary Rent (Rent Transferred Institution) | 20,900 | 220800199- Other Administrative Expense |
| 8 | Schedule I-14(B): Expenditure of Transferred Institution-Agriculture | 17,878 | 252140204- Contribution As per G.O Infrastructure |
| 9 | Schedule I-14(B): Renovation of Panchayat Office building (Asset Increases) | 2,50,000 | 252120005-Local Self Government Institution Officer Building-Public Buildings -Related Facilities |

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്